DESPATCH
On..13/2/23

സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
തിരുവനന്തപുരം 695 001
ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

ഹർജി നമ്പർ **CP No. 43(2)/2022/SIC** തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം
**(ഫയൽ നമ്പർ: 2909/SIC-G6/2022)**

## സന്നിഹിതൻ
## ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ

ശ്രീ. സി.ജി. വിജയൻ,
'സ്മിത ഭവൻ',
കമുകുംചേരി,
കാര്യറ (പി.ഒ), പുനലൂർ(വഴി),
കൊല്ലം – 691 332. — പരാതി ഹർജിക്കാരൻ

Vs

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
ആഫീസ് ഇൻസ്പെക്ടർ,
സഹകരണ സംഘം
അസിസ്റ്റന്റ് രജിസ്ട്രാർ(ജനറൽ) ആഫീസർ,
കൊട്ടാരക്കര, — എതിർകക്ഷി

| | |
|---|---|
| 6(1) അപേക്ഷ സമർപ്പിച്ച തീയതി | 10/06/2020 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 16/06/2020 |
| കമ്മീഷനിൽ പരാതി ഹർജി നൽകിയ തീയതി | 15/02/2022 |
| കമ്മീഷനിൽ പരാതി ഹർജി കൈപ്പറ്റിയ തീയതി | 16/02/2022 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 03/03/2022 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 14/03/2022 |
| കമ്മീഷൻ ഹിയറിംഗ് നടത്തിയ തീയതി :<br>സ്ഥലം : | 29/12/2022<br>കോൺഫറൻസ് ഹാൾ, കൊല്ലം. |
| ഹിയറിംഗ് സാന്നിദ്ധ്യം: പരാതി ഹർജിക്കാരൻ<br>എതിർകക്ഷി | ഹാജരായില്ല<br>ഹാജരായി |

## ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 18(1) വകുപ്പു പ്രകാരം പരാതി ഹർജിക്കാരനായ ശ്രീ. സി.ജി. വിജയൻ, 15/02/2022 തീയതി സമർപ്പിച്ച പരാതി ഹർജി 16/02/2022 തീയതി കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് CP.No. 43(2)/2022/SIC ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. പരാതി ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ സമർപ്പിച്ച പരാതി ഹർജിയിൽ ബോധിപ്പിച്ചത്, ടിയാന്റെ വിവരാവകാശ അപേക്ഷയ്ക്കു എസ്.പി.ഐ.ഒ വിവരം ലഭ്യമല്ല എന്ന മറുപടിയാണ് ലഭ്യമാക്കിയത് എന്ന ആക്ഷേപമാണ്.

3. പരാതി ഹർജിക്കാരൻ 10/06/2020 തീയതി എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ചക്കുവരയ്ക്കൽ സർവ്വീസ് സഹകരണസംഘം ബാങ്ക് ലിമിറ്റഡ് 1521 നമ്പർ സംഘത്തിലെ നീതി സ്റ്റോറിലെ സെയിൽസ്മാൻ തസ്തികയിൽ സേവനമനുഷ്ഠി ച്ചിരുന്ന ജീവനക്കാരനായ ടിയാന്റെ താഴെപ്പറയുന്ന വിവരങ്ങളാണ് ആവശ്യപ്പെട്ടത്:

1. സർവീസിൽ ചേർന്ന തീയതിയും, തീരുമാന നമ്പരും
2. എത്ര കാലങ്ങളായി സർവീസിൽ തുടരുന്നുണ്ടെന്നും
3. അപേക്ഷകൻ നൽകിയ അവധി അപേക്ഷയുടെ കോപ്പിയും ആയത് പരിഗണിച്ച തിന്റെ വിശദവിവരങ്ങളും
4. ജോലിയിൽ നിന്ന് പിരിച്ചു വിട്ടിട്ടുണ്ടെങ്കിൽ ആയതിന്റെ കമ്മറ്റി തീരുമാനത്തിന്റെ കോപ്പിയും മറ്റും ലഭ്യമാക്കണമെന്നാണ്.

മേൽ പറഞ്ഞ അപേക്ഷയ്ക്ക് 16/06/2020-ന് മറുപടിയും നൽകിയിട്ടുണ്ട്.

4. എതിർകക്ഷി 14/03/2022-ൽ കമ്മീഷനിൽ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ഹർജിക്കാരൻ 10/06/2020 തീയതിയിൽ വിവരാവകാശ നിയമം 6(1) പ്രകാരം അപേക്ഷ സമർപ്പിക്കുകയുണ്ടായെന്നും, ടി ആഫീസുമായി ബന്ധപ്പെട്ട വിഷയം അല്ലാത്തതിനാൽ ടിയാൻ സമർപ്പിച്ച അപേക്ഷയുടെ ഒരു പകർപ്പ് 16/06/2020 തീയതിയിൽ അപേക്ഷയു മായി ബന്ധപ്പെട്ട ചക്കുവരയ്ക്കൽ സർവീസ് സഹകരണ ബാങ്കിന് അയച്ചു കൊടുത്തു വെന്നും, ആയതിന്റെ പകർപ്പ് അപേക്ഷകനും നൽകിയിട്ടുണ്ടെന്നുമാണ്. 24/06/2020 തീയ തിയിൽ ബാങ്ക് സെക്രട്ടറി സമർപ്പിച്ച മറുപടി കത്തിന്റെ പകർപ്പും, എ.പി.നം. 1904(1)/2018/എസ്.ഐ.സി പ്രകാരമുള്ള ഉത്തരവിന്റെ പകർപ്പ് എന്നിവ സഹിതം അപേക്ഷ കന് 26/06/2020 തീയതിയിൽ മറുപടി നൽകിയിട്ടുള്ളതാണെന്നുമാണ്.

5. പരാതി ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും എതിർകക്ഷിയെ കേട്ടതിലും ടിയാൻ 16/06/2020-ന് നൽകിയ മറുപടിയിൽ എസ്.പി.ഐ.ഒ-യുടെ പേരും വിലാസവും അപ്പീൽ സമർപ്പിക്കേണ്ട കാലാവധിയും രേഖപ്പെടുത്തിയിട്ടില്ലെന്നു കമ്മീഷൻ നിരീക്ഷിക്കുന്നു. എതിർകക്ഷി ഇപ്രകാരം വിവരാവകാശ നിയമം സെക്ഷൻ 7(8)(ii)(iii)-യ്ക്കു വിരുദ്ധമായിട്ടാണ് മറുപടി നൽകിയെന്നതിനാൽ ടിയാനെ കമ്മീഷൻ താക്കീതു ചെയ്യുന്നു.

6. മേൽ പ്രസ്താവിച്ച പ്രകാരം ഈ പരാതി ഹർജി ഇന്നേ ദിവസം 2023 ജനുവരി 30-ാം തീയതി കമ്മീഷൻ തീർപ്പാക്കി ഉത്തരവാകുന്നു.

(ഒപ്പ്)
**ഡോ.കെ.എൽ.വിവേകാനന്ദൻ**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**ജോയിന്റ് സെക്രട്ടറി (ധനകാര്യം)**

STATE INFORMATION COMMISSION • KERALA

AV